CS (Main) Exam,2021

HXS–C–MLY

# മലയാളം / MALAYALAM

## (നിർബന്ധിതം) / ( COMPULSORY )

സമയം : **മൂന്ന്** മണിക്കൂർ
*Time Allowed :* ***Three*** *Hours*

പരമാവധി മാർക്ക് : **300**
*Maximum Marks :* ***300***

---

### ചോദ്യപേപ്പർ പ്രത്യേക നിർദ്ദേശങ്ങൾ

**ചോദ്യങ്ങൾക്കു് ഉത്തരമെഴുതുന്നതിനുമുമ്പായി താഴെ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക :**

എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം.

ഓരോ ചോദ്യത്തിനുമുള്ള മാർക്കുകൾ അതാതു് ചോദ്യത്തിനെതിരെ കൊടുത്തിട്ടുണ്ടു്.

ചോദ്യത്തിൽ നിർദ്ദേശിച്ചിട്ടില്ലെങ്കിൽ എല്ലാ ചോദ്യങ്ങൾക്കുമുള്ള ഉത്തരം **മലയാളത്തിൽ (മലയാളം ലിപിയിൽ)** തന്നെ എഴുതണം.

ചോദ്യങ്ങൾക്കുള്ള ഉത്തരത്തിനു നിശ്ചയിച്ചിട്ടുള്ള വാക്കുകളുടെ എണ്ണം പാലിക്കണം. നിശ്ചയിച്ചിട്ടുള്ള എണ്ണത്തിനേക്കാൾ കൂടുകയോ കുറയുകയോ ചെയ്താൽ മാർക്കു് കുറയ്ക്കുന്നതായിരിക്കും.

ചോദ്യവും ഉത്തരവുമടങ്ങുന്ന ബുക്കുലെറ്റിൽ ഏതെങ്കിലും പേജോ പേജിന്റെ ഭാഗമോ വിടുകയാണെങ്കിൽ അവ വ്യക്തമായി വെട്ടിക്കളഞ്ഞിരിക്കണം.

### Question Paper Specific Instructions

***Please read each of the following instructions carefully before attempting questions :***

*All questions are to be attempted.*

*The number of marks carried by a question is indicated against it.*

*Answers must be written in* ***MALAYALAM (Malayalam script)*** *unless otherwise directed in the question.*

*Word limit in questions, wherever specified, should be adhered to and if answered in much longer or shorter than the prescribed length, marks will be deducted.*

*Any page or portion of the page left blank in the Question-cum-Answer Booklet must be clearly struck off.*

---

**Q1.** **താഴെ കൊടുത്തിരിക്കുന്ന ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് 600 വാക്കുകളിൽ കവിയാതെ ഉപന്യസിക്കുക :** *100*

(a) പോഷകാഹാരക്കുറവ് കുട്ടികളിലുണ്ടാക്കുന്ന പ്രശ്നങ്ങൾ

(b) ലോകസമാധാനം നേരിടുന്ന വെല്ലുവിളികൾ

(c) മാതൃഭാഷയും പ്രാഥമിക വിദ്യാഭ്യാസവും

(d) വാടക ഗർഭധാരണത്തിനുള്ള സാമൂഹ്യസ്വീകാര്യത

**Q2.** **താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം ശ്രദ്ധയോടെ വായിച്ചു് തുടർന്നു് കൊടുത്തിട്ടുള്ള ചോദ്യങ്ങൾക്കു് വ്യക്തവും സംക്ഷിപ്തവുമായ ഉത്തരമെഴുതുക :** *12×5=60*

രാജാവിനെ രാജ്യത്തിന്റെ ആത്മാവായി വിശേഷിപ്പിക്കത്തക്കവണ്ണം ശക്തമായിരുന്നു പ്രാചീനഭാരതത്തിലെ രാജഭരണം. പുരാതനലിഖിതങ്ങൾ പ്രകാരം രാജാവു് ജനങ്ങൾക്കു് ഈശ്വരന്റെ പ്രതിനിധിയായിരുന്നു. പ്രജകൾ അവരുടെ ജീവിതദുഃഖങ്ങളിൽ നിന്ന് മോചനം നേടുവാൻ രാജാവിനെ ആശ്രയിച്ചിരുന്നു. രാജാവില്ലാത്ത സാമൂഹ്യജീവിതം ഉൽക്കണ്ഠാപൂർണ്ണമായിരുന്നു. പ്രാചീനഭാരതത്തിലെ പണ്ഡിതന്മാർ രാജ്യത്തിന്റേയും രാജാക്കന്മാരുടേയും ഉല്പത്തിയെക്കുറിച്ച് കാലാകാലങ്ങളിൽ തങ്ങളുടെ അഭിപ്രായങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടു്. ദൈവീകം, അധികാരം, സുരക്ഷിതത്വം, സാമൂഹികബന്ധങ്ങൾ തുടങ്ങിയവയിൽ അധിഷ്ഠിതമായ സിദ്ധാന്തങ്ങളെ ആസ്പദമാക്കിയാണു് അവർ ആശയങ്ങൾ മുന്നോട്ടുവെച്ചതു്.

ഭരണകൂടത്തെ കൗടില്യൻ പരിഗണിച്ചത് പ്രധാനവും അത്യന്താപേക്ഷിതവുമായ ഒരു ക്ഷേമസ്ഥാപനമായാണ്. അദ്ദേഹം രാജാക്കന്മാരുടെ ഉല്പത്തിയെപ്പറ്റി കാലക്രമത്തിലുള്ള വിവരണം നൽകിയിട്ടില്ല. എപ്രകാരമാണോ വൻമത്സ്യങ്ങൾ ചെറുമത്സ്യങ്ങളെ ഭക്ഷിക്കുന്നത് അതുപോലെയാണ് പ്രബലന്മാർ ദുർബ്ബലരെ കീഴ്പ്പെടുത്തുന്നതു് എന്നു് അദ്ദേഹം 'അർത്ഥശാസ്ത്ര'ത്തിൽ സ്പഷ്ടമായി പറഞ്ഞിരിക്കുന്നു. ഈ അന്യായം (മത്സ്യന്യായം) എന്ന കാട്ടുനീതികൊണ്ടു് എല്ലായിടത്തും പ്രജകൾ പീഡിപ്പിക്കപ്പെട്ടിരുന്നു. പീഡിതരായ മനുഷ്യരെല്ലാവരും കൂടിച്ചേർന്നു് കഴിവുള്ള ഒരാളെ തങ്ങളുടെ രാജാവായി തെരഞ്ഞെടുത്തു. അവർ കാർഷികവരുമാനത്തിന്റെ ആറിലൊന്നും കച്ചവടവരുമാനത്തിന്റെ പത്തിലൊന്നും രാജാവിനു് നല്കുവാൻ തീരുമാനിച്ചു. പ്രതിഫലമായി രാജാവു് പ്രജകളുടെ ക്ഷേമത്തിന്റെ ഉത്തരവാദിത്തം ഏറ്റെടുക്കുവാനും തയ്യാറായി. താൻ നടപ്പിലാക്കിയ നിയമങ്ങളെ അംഗീകരിക്കാത്തവരെ രാജാവു് ശിക്ഷിച്ചു. ഇന്ദ്രനേയും യമനേയും പോലെ പ്രജകളുടെ സംരക്ഷകനും രക്ഷാധികാരിയുമായി അവർ രാജാവിനെ കണ്ടു. രാജാവിനെ അനുസരിക്കാതിരിക്കുക, നിന്ദിക്കുക എന്നിവ നിരോധിക്കേണ്ടതാണു് എന്നു് കൗടില്യൻ പറയുന്നു.

സ്വന്തം വീടുകളുടെ വാതിലുകൾ ഭയരഹിതമായി തുറന്നിട്ടുകൊണ്ടു് പ്രജകൾ സ്വതന്ത്രരായി രാജ്യത്തു് സഞ്ചരിച്ചാൽ അതിനർത്ഥം അവിടുത്തെ രാജാവു് അവർക്കു് പൂർണ്ണസംരക്ഷണം നൽകുന്നു എന്നാണു്. രാജാവിന്റെ സംരക്ഷണം ലഭിക്കുമ്പോൾ സ്ത്രീകൾ ആഭരണങ്ങൾ അണിഞ്ഞു് ഏകരായി പൊതുനിരത്തുകളിൽ സഞ്ചരിക്കും. രാജാവിന്റെ സംരക്ഷണമുള്ള ഒരു സമൂഹത്തിൽ ഒത്തൊരുമയുടേതായ നിയമങ്ങൾ നിലനില്ക്കും. അങ്ങനെയുള്ള

ഒരു രാജ്യം എല്ലാ അർത്ഥത്തിലും പുരോഗതി പ്രാപിക്കും. പ്രാചീനമായ മറ്റു നിയമാവലികളോടൊപ്പം ഈ സത്യമാണു് കൗടില്യന്റെ 'അർത്ഥശാസ്ത്രം' മുന്നോട്ടുവെയ്ക്കുന്നതു്. പഴയകാലത്തു് രാജാവിന്റെ സ്ഥാനം സ്ഥിരതയുള്ളതോ അധികാരം ഒരിടത്തും അനിയന്ത്രിതമോ ആയിരുന്നില്ല. എന്നാൽ വേദാനന്തരകാലത്തു് രാജ്യാതിർത്തികൾ വിപുലമായതോടൊപ്പം രാജാവിന്റെ അധികാരവും മഹത്വവും വർദ്ധിച്ചു വന്നു. പ്രജകളുടെ സംരക്ഷണത്തേക്കാൾ രാജാവിന്റെ സംരക്ഷണത്തിനാണു് അന്നു് കൂടുതൽ ശ്രദ്ധ ലഭിച്ചതു്. രാജ്യത്തിന്റെ മഹിമ വർദ്ധിക്കുന്നതിന്റെ അനുപാതമനുസരിച്ചു് രാജാവിന്റെ മോടിയും പ്രതാപവും പ്രകടനപരതയും വർദ്ധിച്ചു. ഇതിനെ പറ്റിയുള്ള വിശദമായ വിവരണം ശുക്രസംഹിതയിലുണ്ടു്.

**ചോദ്യങ്ങൾ :**

(a) രാജ്യത്തെ കുറിച്ചും രാജാവിനെ കുറിച്ചുമുള്ള പ്രാചീന സങ്കല്പമെന്തു് ? *12*

(b) 'മത്സ്യന്യായം' എന്ന വിവക്ഷകൊണ്ടു് ഇവിടെ അർത്ഥമാക്കുന്ന അനീതി എന്തു് ? *12*

(c) രാജാവും പ്രജകളും തമ്മിലുള്ള പരസ്പരബന്ധത്തിന്റെ അടിസ്ഥാനമെന്തു് ? *12*

(d) 'ഒത്തൊരുമയുടേതായ ഭരണം' എന്നതു് കൊണ്ടു് അർത്ഥമാക്കുന്നതെന്തു് ? *12*

(e) വേദാനന്തരകാലത്തു് പ്രജകളുടെ അവസ്ഥയിലുണ്ടായ മാറ്റങ്ങളെന്തു് ? *12*

**Q3. താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം മൂന്നിലൊന്നായി സംക്ഷേപിക്കുക. തലക്കെട്ട് നൽകേണ്ടതില്ല. സംക്ഷേപം നിങ്ങളുടെ സ്വന്തം വാക്കുകളിൽ ആയിരിക്കണം.** *60*

'ബ്രഹ്മസമാജ'ത്തിന്റെ സ്വാധീനമില്ലാതാക്കുവാനായി എ.ഡി. 1830-ൽ രാജാറാം മോഹൻറായ് സ്ഥാപിച്ച 'ധർമ്മസമാജം' എന്ന സംഘടനയുടെ പ്രവർത്തനങ്ങൾക്കു് എതിരായിരുന്നു ഭാരതത്തിലെ കച്ചവട സമൂഹങ്ങൾ. ഇതിനിടയിൽ ആധുനിക ചിന്തകളെ വ്യാപിപ്പിക്കുവാനായി ഹെൻറി ഡെറീസ്യോ 'അക്കാദമിക് അസോസിയേഷൻ' എന്നൊരു സംഘടന ഹിന്ദു കോളേജിൽ രൂപീകരിച്ചു. അന്ധവിശ്വാസം, നാശോന്മുഖമായ പാരമ്പര്യങ്ങൾ എന്നിവയെ എതിർക്കുന്നതിൽ നിലപാടെടുത്ത ഈ സംഘടന മറ്റേതൊരു സംഘടനയേക്കാളും ശക്തമായിരുന്നു. ഈ സംഘടനയാണു് 'യങ് ബംഗാൾ' എന്ന പ്രസ്ഥാനം സ്ഥാപിച്ചതു്. ഹിന്ദു കോളേജിലെ ജീവനക്കാരുണ്ടാക്കിയ പ്രശ്നങ്ങൾ ഈ സംഘടനയെ ശിഥിലമാക്കി. പിൽക്കാലത്തു് ഇതിലെ അംഗങ്ങൾ 'ബ്രഹ്മസമാജ'ത്തിൽ ചേർന്നു. എന്നാൽ രാജാറാം മോഹൻറായിയുടെ കാലശേഷം ഈ സംഘടനയുടെ നേതൃത്വം ബംഗാളിലെ പ്രമുഖ കച്ചവടക്കാരനായ ദ്വാരികാനാഥ് ഠാക്കൂറിന്റെ കൈകളിലെത്തിച്ചേർന്നു. പത്തൊമ്പതാം നൂറ്റാണ്ടിന്റെ നാലും അഞ്ചും ദശകങ്ങളിൽ ഒന്നിനുപുറകേ മറ്റൊന്നായി കൈവന്ന വിജ്ഞാനം വ്യാപിപ്പിക്കുന്നതിൽ ഇത്തരം സാമൂഹിക സംഘടനകൾ സമർപ്പിത മനസ്സുള്ളവരായിരുന്നു. എ.ഡി. 1851-ൽ ബ്രിട്ടീഷ് ഇന്ത്യൻ അസോസിയേഷൻ എന്ന ദേശീയ കാഴ്ചപ്പാടുള്ള ഒരു സംഘടന നിലവിൽ വന്നു.

ബോംബെയും സമാനമായ സംഭവങ്ങൾക്കു് സാക്ഷ്യം വഹിച്ചു. രാജ്യത്തിന്റെ ഇത്തരം കാര്യങ്ങൾക്കു് സമ്പന്നരും ബഹുമാനിതരുമായിരുന്ന പാഴ്സികളാണു് നേതൃത്വം വഹിച്ചതു്. പാഴ്സികൾ കോളനിഭരണത്തെ പിന്തുണച്ചു. അവർ യുവാക്കളും ഉയർന്നുവരുന്നവരുമായ മഹാരാഷ്ട്രിയൻ ബുദ്ധിജീവികളും പാശ്ചാത്യ സമ്പ്രദായത്തിലുള്ള എലിഫിൻസ്റ്റൺ കോളേജുമായി ബന്ധപ്പെട്ടവരുമായിരുന്നു. അവരിൽ പ്രധാനിയായ ഒരു ബുദ്ധിജീവിയായിരുന്നു ബാലശാസ്ത്രി ജാംബേക്കർ. ഇംഗ്ലീഷ് ഭരണത്തിൽ ഇന്ത്യക്കാർക്കു് സ്ഥാനം വേണമെന്നു് വാദിച്ചതും കോളനിഭരണം അടിച്ചേൽപ്പിച്ച വർദ്ധിതനികുതിയേയും ഫീസിനേയും വിമർശിച്ചതും ഇംഗ്ലീഷ്-മറാത്തി 'ബോംബെ മിറർ' സ്ഥാപിച്ചതും അദ്ദേഹമാണു്. മറ്റൊരു ബുദ്ധിജീവിയായിരുന്നു ബ്രിട്ടീഷ് നയങ്ങളെ വിമർശിച്ചുകൊണ്ടു് മറാത്തിയിൽ ഇന്ത്യാചരിത്രമെഴുതിയതും ബ്രിട്ടീഷുകാരുമായി ഇന്ത്യക്കാർ അടുത്ത ബന്ധം വെച്ചുപുലർത്തുകയാണെങ്കിൽ എല്ലാ പ്രശ്നങ്ങളും

ശരിയായി പരിഹരിക്കാൻ കഴിയുമെന്നും വിശ്വസിച്ച രാംകൃഷ്ണ വിശ്വനാഥ്. പൂനയിൽ നിന്നും പ്രസിദ്ധീകരിച്ച 'പ്രഭാകർ' - ൽ ഇന്ത്യക്ക് സ്വാതന്ത്ര്യം നഷ്ടപ്പെട്ടതിന്റെ കാരണങ്ങളെ വിശകലനം ചെയ്തുകൊണ്ടു് ലേഖനങ്ങൾ എഴുതിയ ആളുമായ ഗോപാൽ ഹരി ദേശ്മുഖ് മറ്റൊരു മഹാരാഷ്ട്ര ബുദ്ധിജീവിയാണു്. ജന്മിത്തവും, വരേണ്യവർഗ്ഗവും സാധാരണക്കാരും തമ്മിലുള്ള അന്തരവുമാണ് ഇന്ത്യക്കു് സ്വാതന്ത്ര്യം നഷ്ടപ്പെടുവാനുണ്ടായ പ്രധാനപ്പെട്ട രണ്ടു കാരണങ്ങളെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

1852-ൽ സ്ഥാപിതമായ ബോംബെ അസോസിയേഷന്റെ അംഗങ്ങൾക്കിടയിലുണ്ടായ അഭിപ്രായഭിന്നതകൾക്കുകാരണം യുവാക്കളായ വിദ്യാർത്ഥികൾ ഇംഗ്ലീഷുകാർ അനുഭവിച്ചുപോരുന്ന അതേ അവകാശങ്ങൾ തങ്ങൾക്കും വേണമെന്നു് വാദിച്ചതിനാലാണു്. തൽഫലമായി സമൂഹത്തിന്റെ മേൽത്തട്ടിലുള്ള സൗമ്യരായ കച്ചവടക്കാർ ബോംബെ അസോസിയേഷനിൽ നിന്നും സ്വയം വിട്ടുനിന്നു. എന്നാൽ മദ്രാസ് അസോസിയേഷൻ മാത്രമാണു് ഇന്ത്യൻ കർഷകരെ ജന്മിമാർ ചൂഷണം ചെയ്യുന്ന വിഷയം ഉയർത്തിക്കൊണ്ടു് വന്നതു്. ഈ സമയത്തു് ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി അവരുടെ പ്രമാണങ്ങൾ പുനരവലോകനം ചെയ്തു. ഇതോടെ ഈ മൂന്നു സംഘടനകളും ബ്രിട്ടീഷ് കോളനിഭരണകർത്താക്കൾ ചെയ്യുന്ന അനീതിക്കെതിരെ ലണ്ടനിലെ പാർലമെന്റിൽ ഒരു നിവേദനം നല്കി.

*[260 വാക്കുകൾ]*

**Q4. താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം ഇംഗ്ലീഷിലേക്കു് തർജ്ജമ ചെയ്യുക : 20**

എല്ലാ രാജ്യങ്ങളുടേയും ചരിത്രത്തെ ഭൂമിശാസ്ത്രം സ്വാധീനിച്ചിട്ടുണ്ടു്. അനാദികാലം മുതൽ സ്വതന്ത്രമായി വികാസം പ്രാപിച്ചതാണു് ഭാരതസംസ്കാരം. വടക്കുഭാഗത്തു് തടസ്സമായി നില്ക്കുന്ന പർവ്വതനിരകളും തെക്കുഭാഗത്തുള്ള സമുദ്രവുമാണു് ഭാരതത്തെ ലോകത്തിന്റെ ഇതരഭാഗങ്ങളിൽനിന്നും എല്ലാകാലത്തും വേറിട്ടു നിർത്തിയതു്. അതിനാൽ ഭാരതത്തിനുമേൽ വൈദേശികരുടെ ആഘാതം അധികം ഉണ്ടായിട്ടില്ല. 1600 മൈൽ നീളവും 50 മൈൽ വീതിയുമുള്ള ഹിമാലയം പടിഞ്ഞാറുനിന്നും കിഴക്കോട്ട് ഒരു മതിലായി നിലകൊള്ളുന്നു. കിഴക്കുഭാഗത്തുള്ള പട്കോയ്, നാഗ, ലൂഷായ് എന്നീ പർവ്വതങ്ങളും നിബിഡ വനങ്ങളും പരസ്പരമുള്ള

സഞ്ചാരത്തിനു് തടസ്സമായി ഭവിച്ചു. പടിഞ്ഞാറുള്ള ഖൈബർ, ബോലൻ എന്നീ സഞ്ചാരമാർഗ്ഗങ്ങളാണു് വിദേശികൾ ഭാരതത്തിലെത്താൻ ഉപയോഗിച്ചിരുന്നതു്. ദക്ഷിണദേശങ്ങളിലേക്കുള്ള സഞ്ചാരത്തെ നൂറ്റാണ്ടുകളായി എളുപ്പത്തിൽ പ്രതിരോധിച്ചതു് സമുദ്രങ്ങളാണു്. എന്നാൽ കാലാന്തരത്തിൽ സമുദ്രയാനരംഗത്തു് ധാരാളം പുരോഗതികളുണ്ടായി. അതിന്റെ ഫലമായി സമുദ്രം വഴിയുള്ള വ്യാപാരം എളുപ്പമായി. എ.ഡി. 1498-ൽ വാസ്കോ-ഡ-ഗാമയുടെ നേതൃത്വത്തിൽ പോർട്ടുഗീസുകാർ സമുദ്രമാർഗ്ഗേണ ആദ്യമായി ഭാരതത്തിലെത്തി. അതിനുശേഷം ഡച്ചുകാർ, ഫ്രഞ്ചുകാർ, ഇംഗ്ലീഷുകാർ എന്നിവർ ഇവിടെയെത്തി. അവർ ഒരോരുത്തരും ഭാരതത്തിനുമേൽ തങ്ങളുടെ ആധിപത്യം ഉറപ്പിക്കുവാൻ വേണ്ടി പരസ്പരം പോരാടി. ഇങ്ങനെ ഭൂമിശാസ്ത്രപരമായ വേർതിരിവുകളാൽ ഭാരതസംസ്കാരത്തിനുമേൽ വൈദേശികസംസ്കാരത്തിനു് അധികം സ്വാധീനമുറപ്പിക്കുവാൻ കഴിഞ്ഞില്ല.

**Q5. താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം മലയാളത്തിലേക്കു് തർജ്ജമ ചെയ്യുക :** *20*

At the stroke of the midnight hour, when the world sleeps, India will awake to life and freedom. A moment comes, when we step out from the old to the new. It is fitting that at this solemn moment we take the pledge of dedication to the service of India. The service of India means the service of the millions who suffer. It means the ending of poverty and ignorance. It means the ending of disease and inequality of opportunity. The ambition of the greatest man of our generation has been to wipe every tear from every eye. That may be beyond us, but as long as there are tears and suffering, so long our work will not be over. This is no time for petty and destructive criticism, no time for ill-will or blaming others. We have to build the noble mansion of free India where all her children may dwell.

It is a fateful moment for us in India, for all Asia and for the world. A new star rises, the star of freedom in the East, a new hope comes into being. May the star never set and that hope never be betrayed !

**Q6.** **താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്കു് നിർദ്ദേശമനുസരിച്ച് ഉത്തരമെഴുതുക :**

**(a)** **അർത്ഥം വ്യക്തമാകുന്ന വിധത്തിൽ വാക്യത്തിൽ പ്രയോഗിക്കുക :** *2×5=10*

(i) ആകാശക്കോട്ട *2*

(ii) കുടിപ്പക *2*

(iii) ഞാണിന്മേൽ കളി *2*

(iv) മുടന്തൻ ന്യായം *2*

(v) വിലക്കപ്പെട്ട കനി *2*

**(b)** **സന്ധി ചെയ്യുക :** *2×5=10*

(i) ചിത് + രൂപം *2*

(ii) കൽ + മതിൽ *2*

(iii) മഹത് + ചരിതം *2*

(iv) പിതൃ + ആജ്ഞ *2*

(v) വാക്ക് + അർത്ഥം *2*

**(c)** **വിഗ്രഹിച്ചെഴുതുക :** *2×5=10*

(i) ഭാര്യാഭർത്താക്കന്മാർ *2*

(ii) പൂമേനി *2*

(iii) നീലാകാശം *2*

(iv) സസ്നേഹം *2*

(v) പങ്കജാക്ഷൻ *2*

**(d)** **താഴെ കൊടുത്തിരുക്കുന്ന പദങ്ങളിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക :** *2×5=10*

(i) ഓമനത്വം *2*

(ii) ആപാതമധുരം *2*

(iii) ഐക്യമത്യം *2*

(iv) അതിഥി *2*

(v) കോപിഷ്ടൻ *2*